**കേരള സർക്കാർ**

നം.P2/309/2024-LSGD-Part (1)
തദ്ദേശ സ്വയം ഭരണ (പി.എസ്.) വകുപ്പ്
തിരുവനന്തപുരം,
തീയതി, 04.12.2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതികളുമായി ബഹു. മുഖ്യമന്ത്രിയുടെ യോഗം - സംബന്ധിച്ച്

അതിദാരിദ്ര്യ നിർമ്മാർജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണസമിതികളുമായി 09.12.2024 ന് ഉച്ചയ്ക്കുശേഷം 3.30 ന് ബഹു. മുഖ്യന്ത്രി സംവദിക്കാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിദാരിദ്ര്യ നിർമ്മാർജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ വിഷയങ്ങൾ അജണ്ടയായി നിശ്ചയിച്ച് പ്രത്യേക പഞ്ചായത്ത്/നഗരസഭ കൌൺസിൽ യോഗങ്ങൾ ചേരേണ്ടതും ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ പ്രസ്തുത പഞ്ചായത്ത്/നഗരസഭ കൌൺസിൽ യോഗത്തിൽ ചർച്ച ചെയ്തു രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ ചേരുന്ന പ്രസ്തുത ഓൺലൈൻ യോഗവുമായി ബന്ധപ്പെട്ട താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ V-Meet പ്ലാറ്റ്ഫോമിൽ ഓൺലൈൻ ലിങ്ക് വഴിയാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്. വിശദാംശം ചുവടെ ചേർക്കുന്നു:

URL: https://vmeet.kerala.gov.in/join/7554949150?be_auth=Mzc1Mzg1

Conference ID: 7554949150

Password: 375385

For better experience, we recommend using Google Chrome or apps.

Desktop app: https://vmeet.kerala.gov.in/downloads

Android app: https://play.google.com/store/apps/details?id=com.tst.vmeet

iOS app: https://apps.apple.com/us/app/kerala-meet/id1630301805

Use Google Chrome/Microsoft Edge or Native Apps for better experience

Kindly grant access to the camera, microphone, and speaker when joining the video conference.

2. യോഗത്തിൽ പങ്കെടുക്കുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനം/ഔദ്യോഗിക വിലാസം/ഉദ്യോഗപേര് മുഖേന ലോഗിൻ ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും ഒരു നോഡിൽ നിന്നുമാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്.

3. പ്രസ്തുത ലിങ്ക് Active/Passive mode സംവിധാനത്തിൽ പ്രവർത്തിക്കുന്നതും ഹാൻഡ് റൈസ്/മെസ്സേജ് ചാറ്റ് വഴി അനുവദിക്കുന്നപക്ഷം Active mode ലേക്ക് മാറി അഭിപ്രായങ്ങൾ അറിയിക്കുന്നതിന് സാധിക്കുന്നതുമാണ്.

4. മേൽ യോഗവുമായി ബന്ധപ്പെട്ട സാങ്കേതിക സഹായങ്ങൾക്ക് 9446142347, 9540394502 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

ഷീജ.ആർ.എസ്,
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്,

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ ഡ്യൂട്ടിക്ക്
തദ്ദേശ സ്വയംഭരണ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശ സ്വയംഭരണ വകപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.